2192 HSS-10

" മാറ്റുവിൻ ചട്ടങ്ങളെ" എന്ന കുമാരനാശാൻ വരികൾക്ക്
വിഷയം : സമൂഹപുരോഗതിയിലുള്ള സ്ഥാനം.

# മാറുന്ന ചിന്തകളും നവലോക സൃഷ്ടിയും :

## തത്വങ്ങൾ, സങ്കീർണ്ണതകൾ, സാധ്യതകൾ

ഭൂമിയിലെ അതിജീവനത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ മനുഷ്യരാശിയുടേതിന് സമുന്നതസ്ഥാനമാണുള്ളത്. മരവുരിയെടുത്തും ഗുഹകളിൽ പാർത്തും വേട്ടയാടി വിശപ്പകറ്റിയും കഴിഞ്ഞിരുന്ന മനുഷ്യന്റെ ചരിത്രത്തെ സംഭവബഹുലമാക്കിയത്, ആധിവാസമേഖലകളുടെ സ്ഥാപനവും കൃഷിയുടെ കണ്ടുപിടുത്തവുമാണ്. പിന്നീട് വ്യത്യസ്ത ആശയങ്ങളും, രീതികളും, മൂല്യങ്ങളും ഒരു സാമൂഹ്യക്രമത്തിലേക്ക് വിരൽചൂണ്ടുകയും, നാഗരിക സംസ്കാരങ്ങൾ ഉദ്ഭവിക്കുകയും ചെയ്തു. മനുഷ്യന്റെ സാംസ്കാരികപരവും സാമൂഹ്യപരവുമായ ചരിത്രത്തിലുടനീളം ഇത്തരത്തിൽ സ്ഥാപിതമായ മുൻകാല ചട്ടങ്ങളിൽ നിന്നും, സാമൂഹ്യക്രമത്തിൽനിന്നും, വ്യവസ്ഥിതിയിൽനിന്നുമുള്ള വ്യതിചലനം ദൃശ്യമാണ്. മാനവരാശിയുടെ ചലനാത്മകമായ പ്രയാണത്തിന് ഇത്തരം മാറ്റങ്ങൾ അനിവാര്യമാണ്.

"സമൂഹമൊരിക്കലും നിശ്ചലമല്ല, ഓരോ നിമിഷത്തിലുമത് പരിഷ്കരിക്കപ്പെട്ടുകൊണ്ടേയിരിക്കുന്നു" എന്നത് സമൂഹശാസ്ത്രത്തിന്റെ പിതാവായ അഗസ്ത് കോംതെയുടെ നിരീക്ഷണമാണ്. 'സാമൂഹ്യവൽക്കരണം'

എന്ന പ്രക്രിയയിലൂടെ കടന്നുപോകുന്ന ഓരോ മനുഷ്യനും (സമൂഹ്യജീവിയെന്ന നിലയിൽ) സമൂഹം മുൻകാലവ്യവസ്ഥിതികളുടെ ബാക്കിപത്രങ്ങൾ മാത്രമല്ല കൈമാറുന്നത്. ആധുനികതയെ പാരമ്പര്യത്തിന്റെ കൽപ്പനകൾകൊണ്ട് അതിജീവിക്കാനുള്ള അവസരം കൂടിയാണ്. നിർജ്ജീവമായ സാമൂഹ്യവൽക്കരണമാണു മനുഷ്യരാശിയിൽ പ്രവർത്തിച്ചിരുന്നത് എങ്കിൽ ജനം മൃഗസമാനരായി, നാം അലക്ഷ്യമായിരുന്നു. നാഗരികതയും ജനാധിപത്യവും ഉൾക്കൊണ്ട് പൗരസമൂഹത്തിന്റെ പ്രതിനിധികളായ് നാം ഇന്ന് ജീവിക്കുന്നു എങ്കിൽ, അത് മുൻതലമുറകൾ അവർക്ക് അനുവദനീയമായ ചട്ടക്കൂടിനപ്പുറത്തേക്ക് സ്വപ്നങ്ങൾ കണ്ടു എന്നതിനാലാണ്.

സമൂഹശാസ്ത്രജ്ഞനായ ഇ.ബി ടെയിലറുടെ വീക്ഷണങ്ങൾ പരിശോധിക്കുകയാണെങ്കിൽ ഒരു സാമൂഹ്യവ്യവസ്ഥിതിയുടെ ഭാഗമായി നാം സ്വായത്തമാക്കിയ സംസ്കാരം, ഭാഷ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, ചിന്താധാരകൾ എന്നിവയെല്ലാം സംസ്കാരമെന്ന വിശാലമായ പരിധിയിലുൾപ്പെടും. ടെയിലർ വ്യക്തമാക്കിയ മറ്റൊന്നുണ്ട്, സംസ്കാരം ചലനാത്മകമാണ്. [dynamic] ആധുനികതയുടെ ആശയങ്ങളായ ദേശം, സ്വത്വം എന്നിവ ജനസമൂഹത്തിന്റെ ഭാഗമാണല്ലോ. കാലത്തിനാനുഗമായ മാറ്റങ്ങളുൾക്കൊണ്ട് പൗരസമൂഹത്തെയും രാഷ്ട്രീയ-സാമൂഹിക വ്യവസ്ഥകളെയും പുനരുത്ഥാരണം ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

GOVT. BOYS HIGHER SECONDARY SCHOOL
Down Hill
Malappuram
11121

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് നമ്മുടെ ഭാരതം. "ലോകസമസ്താ സുഖിനോ ഭവന്തു" എന്നത് ആശയവും ആദർശവുമായ ഒരു രാജ്യത്ത് ജീവിക്കാൻ ഭാഗ്യം സിദ്ധിച്ചവരാണ് നമ്മൾ. നമ്മുടെ പാരമ്പര്യവും, നീതിസാരങ്ങളും, നീതിഗ്രന്ഥങ്ങളും ലോകകേന്ദ്രീകൃതമായി തന്നെ ഇന്നും നിലനിൽക്കുന്നു. കാൽപ്പനികതയുടെ ദേശീയോദ്ഗ്രഥനം സങ്കൽപ്പമായി മാറുമ്പോൾ പരിഷ്കാരങ്ങൾ നമുക്കും അവിഭാജ്യം തന്നെ.

"എതിർശബ്ദങ്ങൾ ജനാധിപത്യത്തിന്റെ സുരക്ഷാ വാൽവുകളാണ്; അവ അനുവദിക്കപ്പെട്ടില്ല എങ്കിൽ ജനാധിപത്യം പ്രഷർ കുക്കർ പോലെ പൊട്ടിത്തെറിക്കും"

ഇന്ന ഭാരതത്തിന്റെ പരമോന്നത നീതിപീഠം ഈയിടെ നടത്തിയ പരാമർശമാണിത്. ജനാധിപത്യത്തിന്റെ കോട്ടയ്ക്കുള്ളിൽ ചില്ലിട്ടുവെയ്ക്കേണ്ട പ്രസക്തമായ പരാമർശം. രണ്ടു നൂറ്റാണ്ടിലേറെ സാമ്രാജ്യത്വഭരണത്തിനടിമകളായിരുന്ന ഒരു രാജ്യം ആവിഷ്കാരത്തെയും സ്വാതന്ത്ര്യബോധത്തെയും എത്രമാത്രം മൂല്യം കൽപ്പിക്കുമെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ? വൈവിധ്യങ്ങൾക്കിടയിൽനിന്ന ഒരൊറ്റശക്തിയായ് ഉയർന്നു വന്ന് ഒരു സമൂഹം സ്വയം കെട്ടിപ്പടുത്ത കഥ, നമ്മുടെ തന്നെ ചരിത്രമായ് അവശേഷിക്കുമ്പോൾ പ്രത്യേകിച്ചും.

സമൂഹത്തിനെന്തിന് മാറ്റമില്ലാത്ത ക്രമങ്ങളും വ്യവസ്ഥകളും ആവശ്യമാണ്? 'മാനവികത' എന്ന

മൂല്യത്തിന്റെ പേരിൽ ഈ ചോദ്യത്തിന് നിസ്സാരമായ് ഉത്തരം നൽകാം. പക്ഷേ, മാനവികത ഉരുത്തിരിഞ്ഞതു വളർന്നതാണ് അല്ലാതെ ഭീഷണിയുടെയോ നിർബന്ധത്തിന്റെയോ സ്വരത്തിന് യോജിക്കുകയില്ല. സമൂഹം, നിലനിർത്തിപ്പോന്ന പലതും അടിസ്ഥാനപരമായ ആശയങ്ങളുടെ സംരക്ഷണത്തിനായാണ്. എന്നാൽ ഇന്ന്, പരസ്പര ബന്ധിതമായ (Connected) ഏകലോകത്തിന്റെ കാലഘട്ടത്തിൽ ദാർശനികതയ്ക്കു നാം പുതിയൊരു മാനം നൽകേണ്ടിയിരിക്കുന്നു.

"Everyone come to India, but no one left India" (എല്ലാവരും ഇന്ത്യയിലെത്തുന്നു, എന്നാലാരും തന്നെ ഇന്ത്യയെ ഉപേക്ഷിക്കുന്നില്ല) എന്ന മാർക്കണ്ഡേയ കട്ജുവിന്റെ വീക്ഷണത്തിൽ നിന്നു തന്നെ മറ്റുള്ളവരിൽ നിന്നുമുഖംകൊണ്ട് നമുക്കേതായ പാഠങ്ങൾ നിർമ്മിച്ച്, പ്രാവർത്തികമാക്കാൻ നമുക്കുള്ള വൈദഗ്ദ്ധ്യം വ്യക്തമാണ്. എന്നാൽ, കൊളോണിയൽ സംസ്കാരത്തിന്റെ അതിപ്രസരം സാംസ്കാരികവൈവിധ്യത്തെ എത്രമാത്രം മുരടിപ്പിച്ചു എന്നത് സമകാലീന യാഥാർത്ഥ്യമാണ്. സ്വന്തം ഭാഷയെ മറക്കുന്ന അഥവാ മറന്നെന്നു നടിക്കുന്ന സ്വന്തം ദേശത്തോട് കൂറില്ലാത്ത ജനവിഭാഗമായ് നാം മാറുകയാണിന്ന്. ആധുനികതയുടെ പുറംചട്ട ഒരിക്കലും സാംസ്കാരികതയിലേക്കുള്ള നേർപാതയല്ല. മറിച്ച്, നമ്മുടെ സാമൂഹ്യാന്തരീക്ഷത്തിനനുസൃതമായ ആധുനിക കൽപ്പനകളുടെ ആദർശങ്ങൾ.

ഉൾക്കൊള്ളലാണ് നാം സ്വീകരിക്കേണ്ടത്. ഓരോ സമൂഹവും സാമൂഹ്യമാറ്റമെന്ന പ്രക്രിയയ്ക്ക് അറിഞ്ഞോ അറിയാതെയോ ഭാഗവാക്കുകളാകുന്നു. അതിന്റെ ഭൗതികവും നൈതികവുമായ (ദാർശനികപരവുമായ) തലങ്ങളെ വിശകലനവിധേയമാക്കേണ്ടിയിരിക്കുന്നു.

ഭൗതികപരമായ മാറ്റങ്ങളിൽ 'സാങ്കേതികത' എത്രമാത്രം മനുഷ്യജീവിതത്തിന്റെ ഭാഗമായ് തീർന്നിരിക്കുന്നു എന്നത് ചുറ്റിൽ നിന്നും സ്പഷ്ടമാണ്. നിർമ്മിത ബുദ്ധിയും, റോബോട്ടിക്സും മറ്റും മനുഷ്യകുലത്തിനു പര്യായമാകുന്ന തലത്തിലേക്ക് ഉയർന്നിരിക്കുന്നു. ടെലിവിഷന്റെ കണ്ടെത്തലോടെതന്നെ മാർഷൽ മക്‌ലൂഹാൻ പ്രവചിച്ചിരുന്ന 'ആഗോളഗ്രാമം' (Global village) എന്നതിനപ്പുറത്തെ യാഥാർത്ഥ്യമായിരിക്കുന്നു. കാല, ദേശങ്ങൾക്കതീതമായ് വ്യത്യസ്ത ജനസമൂഹങ്ങളുമായ് നാം നിരന്തരസമ്പർക്കത്തിലേർപ്പെടുന്നു. ലോകമേറെ അടുത്തതുപോലെയും യാഥാർത്ഥ്യത്തോട് യഥാർത്ഥമായതുമായ ഒരു ലോകമങ്ങിനെ ഉയർന്നുവന്നിരിക്കുന്നു. പുതിയ മാറ്റം ഉൾക്കൊള്ളാനുള്ള ഒരു ജനതയുടെ താൽപര്യമില്ലായ്മ സ്വാഭാവികമാണ്. കമ്പ്യൂട്ടർവൽക്കരണവും ഇ-സാക്ഷരതയെയും പുച്ഛിച്ചു തള്ളിയ നാട്, ഇന്നെത്രമാത്രം ഇവയ്ക്ക് പ്രാധാന്യം നൽകുന്നുവെന്നത് മാറ്റമുൾക്കൊള്ളലിന്റെ ശുഭസൂചകമാണ്.

ദാർശനികപരമായ മാറ്റങ്ങളാണ് ഒരു ജനസമൂഹമെന്ന നിലയിൽ നാം ഉയർന്ന പ്രാധാന്യം നൽകി ഉൾക്കൊള്ളേണ്ടത്. സാങ്കേതികതയോട് കിട പിടിയ്ക്കാൻ

സമൂഹത്തിനും അതിന്റെ രാഷ്ട്രീയത്തിനും അതുകൊണ്ടിന്നിതിൽ സംശയമില്ല. <u>റാമെയ്ൻ വില്ല്യംസിന്റെ</u> വീക്ഷണങ്ങൾ ഇവിടെ പരിശോധിക്കാവുന്നത്. ദാർശനികപരമായ് നാം നേരിടുന്ന ദാരിദ്ര്യത്തിന്റെ നേർചിത്രങ്ങളാണ് സമകാലിക ഭാരതസമൂഹം സാക്ഷ്യം വഹിക്കുന്നത്. ചട്ടങ്ങളെ മാറ്റുക എന്നതു കേൾക്കുമ്പോൾ തന്നെ ചിലർക്കെങ്കിലും <u>ദേശവിരുദ്ധം (Anti-National)</u> എന്ന വാക്ക് തികട്ടി വരുന്നുണ്ടെങ്കിൽ അത് സമകാലിക രാഷ്ട്രീയവികാസങ്ങളുടെ സ്വാധീനഫലമാണ്.

നിലവിലുള്ള വ്യവസ്ഥിതിയെ മാറ്റിമറിക്കുക എന്നു കേൾക്കുമ്പോൾതന്നെ വിഭാഗങ്ങളായ് വിഭജിക്കപ്പെട്ടവർക്കിടയിൽ സമത്വവും സ്വാതന്ത്ര്യവും നൽകുക എന്നത് അടിസ്ഥാനപരമാണ്. <u>പുരുഷനെ ഒന്നാം ലിംഗമായും സ്ത്രീയും ട്രാൻസ്ജെൻഡർ സമൂഹവും യഥാക്രമം രണ്ടും മൂന്നും ലിംഗക്കാരായിട്ടുള്ള വിഭജനവും അവർക്കിടയിലെ അവസരങ്ങളുടെ</u> ലഭ്യമാക്കലും മറ്റും നാം ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് നാളേറെയായി. കഴിഞ്ഞ മില്ലേനിയത്തിന്റെ അന്ത്യത്തിലാരംഭിച്ച <u>ജൈവകേന്ദ്രീകൃത ചിന്തകൾ ഇന്ന ശബരിമല സ്ത്രീ പ്രവേശനം വരെ എത്തി നിൽക്കുന്നു</u>. <u>ജന്മബ്രാഹ്മണ്യത്തെ ചോദ്യം ചെയ്ത് ദളിത് പൂജാരിമാരെ നിയമിച്ച ഒരു പ്രബുദ്ധ സമൂഹത്തിലാണ് നാം ജീവിക്കുന്നത്</u>. <u>ഭിന്നലിംഗക്കാർക്ക് വികസിതരാജ്യങ്ങളുടേതിനു സമാനമായ അംഗീകാരവും അന്തസ്സും നൽകാൻ മാത്രം പ്രാപ്തിയുള്ളവരായി നമ്മുടെ</u> ചിന്താശേഷി വികസിച്ചിരിക്കുന്നു.

Malappuram 11121 SCHOOL

അടിസ്ഥാനപരമായി പരിശോധിക്കുമ്പോൾ സ്ത്രീ-പുരുഷ ഭേദതിരിവിന്റെ മാത്രം വിഷയമല്ലിത്. പാവപ്പെട്ടവനും പണക്കാരനും അധികാരമുള്ളവനും ഇല്ലാത്തവനും തമ്മിലുള്ള ആശയസംഘർഷം ~~അധ: പതനം~~ അധ:കൃതവിഭാഗങ്ങളുടെ മോചനത്തിലെത്തി നിൽക്കുമ്പോഴാണ് പുരോഗമനപരമായി സമൂഹം മാറ്റങ്ങൾക്കു വിധേയമാകുന്നത്. അധികാരത്തിനും സമ്പത്തിനും വേണ്ടിയുള്ള കിടമൽസരങ്ങളുടെ ആധുനിക കാലഘട്ടത്തിൽ പൊളിച്ചെഴുതേണ്ടത്, നമുക്കിടയിലുള്ള വിഭജനത്തിന്റെ വേലികളാണ്. വീരാൻകുട്ടിമാസ്റ്ററുടെ 'മതിലുകൾ' എന്ന കവിത ജൈവപരമായ് മനുഷ്യരായ നമുക്കിടയിൽ ജാതി, മതം, വർണ്ണം, നിറം, ദേശം, സ്വത്ത്, സ്ഥാനം, അധികാരം എന്നിവയെല്ലാം കോറിയിട്ടുന്ന വേലിക്കെട്ടുകളെ സമർത്ഥമായ് അവതരിപ്പിച്ചിരിക്കുന്നു. സരസ്വതിയുടെ ചിത്രം വരയ്ക്കാൻ പാടില്ലാത്ത ഹുസൈന്മാരും എഴുത്തിന്റെ ആവിഷ്കാരഭാവനയ്ക്കുപോലും വിലങ്ങിട്ട് അയിത്തം കല്പിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ജനാധിപത്യപരമാകുന്നത്?

എസ്. ഹരീഷിന്റെ മീശയും സഞ്ജയ് ലീലാ ബൻസാലിയുടെ പദ്മാവതും നമുക്കായ് ചില ചോദ്യങ്ങൾ ബാക്കിവെക്കുന്നുണ്ട്. പരസ്പരം പോരടിയ്ക്കാനും അതിർത്തി കാക്കാനും കോടികൾ ചിലവഴിയ്ക്കപ്പെടുമ്പോൾ മറുഭാഗത്ത് പട്ടിണിമൂലം മരിക്കുന്ന മനുഷ്യക്കോലങ്ങളുടെ ദയനീയമുഖങ്ങൾ. ഇതു വിരോധാഭാസമല്ലാതെ ~~മറ്റ~~ പിന്നെന്താണ്?

ഇന്ത്യൻ നിയമസംഹിതയുടെ 497-ാം വകുപ്പ് വിവാഹേതര ലൈംഗികബന്ധത്തെ കുറ്റമല്ലാതാക്കിയപ്പോൾ ഉടൽ കേന്ദ്രീകൃതമായ ഒരു വ്യവസ്ഥയാണ് പൊളിഞ്ഞു വീണത്. സ്ത്രീ പുരുഷന്റെ ക്രയവിക്രയ ചരക്കല്ല എന്നതിലൂടെ വ്യക്തികളുടെ അന്തസ്സും സ്വകാര്യതയും എത്രമാത്രം സംരക്ഷിക്കപ്പെടുന്നു എന്ന് നാം മനസ്സിലാക്കണം. 377-ാം വകുപ്പിലൂടെ സ്വവർഗാനുരാഗികളെ നിയമത്തിന്റെ പരിരക്ഷയുള്ളവരായി പ്രഖ്യാപിച്ചപ്പോഴും മുഴങ്ങി കേട്ടത് സാമൂഹ്യമാറ്റത്തിന്റെ കാഹളമാണ്.

ജനങ്ങൾക്കു വേണ്ടി നിലകൊള്ളുന്ന ജനാധിപത്യത്തിന്റെ രാഷ്ട്രീയവ്യവസ്ഥിതിയുള്ള നമ്മുടെ രാജ്യം ഇനി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്, താഴെക്കിടയിലുള്ളവരുടെ പ്രശ്നങ്ങളിലേക്കാണ്. അതിൽ ഒന്ന് പേരും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഒരു രാജ്യത്തിന് ഏറ്റവും പ്രാഥമികമായി ശ്രദ്ധകേന്ദ്രീകരിക്കേണ്ടത് ഭരണഘടന ഏറ്റവും ഊന്നൽ നൽകിയ 'ജീവിക്കാനുള്ള സ്വാതന്ത്ര്യത്തിന്' തന്നെയാണ്. ഗുണമേന്മയുള്ള ഭക്ഷണവും വസ്ത്രവും പാർപ്പിടവും ഉറപ്പുവരുത്തുന്ന സാമൂഹ്യാന്തരീക്ഷവും വിദ്യാഭ്യാസവും വരുമാനവും പ്രദാനം ചെയ്യുന്ന നല്ലൊരു ജീവനാന്തരീക്ഷവും ജനങ്ങൾക്കു ലഭിക്കണം. താഴെക്കിടയിലുള്ളവരുടെ രോഷത്തിന്റെ ശക്തി മഹാരാഷ്ട്രയിലെ കർഷകപ്രതിഷേധങ്ങളിലൂടെയും ദളിത് പോരാട്ടങ്ങളിലൂടെയും നാം കണ്ടതാണ്. ജോർജ് ഓർവലിന്റെ 'ആനിമൽ ഫാം' ലേതുപോലെ തകർന്നടിഞ്ഞ സോഷ്യലിസത്തിന്റെ അവസ്ഥ ജനാധിപത്യത്തിനു വന്നുകൂടാ. 'ബനാനാ റിപ്പബ്ലിക്കുകൾ' എന്ന പുതിയ പദം ജനാധിപത്യത്തിന്റെ വിടവുകളിലേക്ക് ഒളിയമ്പെയ്യുന്നു.

നൂറ്റാണ്ടുകാലത്തെ ഏറ്റവും വിനാശകാരിയായ പ്രളയം
നമ്മെ പലതും പഠിപ്പിച്ചു. വ്യക്ത്യാധിഷ്ഠിത സമൂഹങ്ങളിൽ
നിന്നും സാമൂഹിക കൂട്ടായ്മകളിലേക്കും ഒരുമയിലേക്കും
മലയാളികൾ കൈപിടിച്ചു നീങ്ങി. ഇതുവരെ ഗൗരവമായ്
പരിഗണിക്കാതിരുന്ന പലതിനെയും നാം ഉൾക്കൊള്ളാൻ
തുടങ്ങിയിരിക്കുന്നു. 'പ്രകൃതിയാണ് ഏറ്റവും വലിയ
പാഠപുസ്തകമെന്നും', തകരാറുള്ളത് പ്രകൃതിയിലല്ല
മറിച്ച് മനുഷ്യന്റെ പ്രവൃത്തത്തിലാണെന്നും നാം തിരിച്ചറി-
ഞ്ഞു കഴിഞ്ഞു. ഇനി വേണ്ടത് പരിസ്ഥിതിയെ കൂടി
പരിഗണിക്കുന്ന വികസനത്തിന്റെ സുസ്ഥിരമാതൃകകളാണ്.
പുഴക്ക് ഒഴുകാനുള്ള സ്ഥലം ഉണ്ടാക്കികൊടുത്തും തണ്ണീർത്തട-
നെൽവയൽ സംരക്ഷണം ഏറ്റെടുത്തും ഈ പ്രക്രിയയുടെ
ഭാഗങ്ങളായ് തീരുവാൻ നാം ശ്രമിച്ചേ മതിയാകൂ. പുനർനി- ഇത്
ർമാണത്തിന്റെ നാളുകളിൽ മുമ്പത്തേക്കാൾ മികച്ച
ഭൗതികസൗകര്യങ്ങളുടെ ദാർശനികമേന്മയുമുള്ള ഒരു
സമൂഹനിർമിതി മുഖ്യലക്ഷ്യമാകണം.

മതേതരത്വത്തിന്റെ ~~[illegible]~~ 'വോട്ട് ബാങ്ക്
രാഷ്ട്രീയം' ചർച്ചയാകുമ്പോൾ മതത്തെ വ്യക്തിജീവിത-
ത്തിന്റെ പരിധിക്കുള്ളിൽ ഉൾക്കൊള്ളാൻ നാം
തയ്യാറാകണം. പൊതുമണ്ഡലത്തിൽ അരാജകത്വത്തിന്റെ-
യും അസഹിഷ്ണുതയുടെ വിത്തുകൾ പാകാൻ മതചിന്ത-
യെ അനുവദിക്കരുത്. ~~മ~~ വിശ്വമാനവികതയിലൂന്നിയ
ചിന്താമാതൃകയാണ് നിരത്തെടുക്കേണ്ടത്. അങ്ങിനെയെ-
ങ്കിൽ ലോകം കുറച്ചുകൂടി വെളിച്ചമുള്ളതും ജീവിക്കാൻ
കൊള്ളാവുന്നതുമാക്കി ~~[illegible]~~ യി തീരും. ൾ

എല്ലാ ആശയങ്ങളുടെയും മാറ്റങ്ങളുടെയും ട
വിജയം അതിന്റെ പ്രായോഗികത്വത്തിലാണ്. അതുകൊ-

ന്നു നൽകുന്ന 'നാനാത്വത്തിൽ ഏകത്വമെന്ന' തത്വത്തെ പ്രായോഗികതലത്തിലേക്കു നയിക്കാൻ നമുക്കാവണം. മാറ്റങ്ങളും, പരിഷ്കരണങ്ങളും സൃഷ്ടിക്കപ്പെടുമ്പോൾ ശാന്തിയും സമാധാനവും പുരോഗതിയും മാനവികതയും സഹജീവിബോധവുമുള്ള ഒരു സമൂഹത്തിന്റെ ഉദ്ഭവമാണ് ലക്ഷ്യമിടേണ്ടത്. അപ്പോഴാണ്; മനുഷ്യരാശി കാലങ്ങൾക്കതീതമായി നിലനിൽക്കുക.